HADIA CSE Khutba Notes

# ശഅ്ബാനും ബറാഅത്തും നൽകുന്ന പാഠങ്ങൾ

അല്ലാഹു വളരെ അനുഗ്രഹങ്ങൾ ചൊരിഞ്ഞ ഒരു മാസമാണ് ശഅ്ബാൻ. എങ്ങനെ ശഅ്ബാൻ എന്നു പേരു വന്നു? നിരവധി അഭിപ്രായങ്ങളുണ്ട്. ഇബ്നു ഹജർ പറയുന്നു:

وسمي شعبان لتشعبهم في طلب المياه بعد ان يخرج شهر رجب الحرام او في الغارات (فتح البارى)

ഒരിക്കൽ പ്രവാചകൻ അനുയായികളോട് പറഞ്ഞു: എന്തുകൊണ്ടാണ് ശഅ്ബാൻ എന്നു വിളിക്കപ്പെടുന്നത്? പ്രസ്തുത മാസത്തിൽ നിരവധി അനുഗ്രങ്ങൾ വ്യാപിക്കുന്നത് കൊണ്ട്. *(ലി അന്നഹു യതശഅ് അബു ഫീഹി ഖൈറുൻ കസീർ).*

അവിടന്ന് ശഅ്ബാനിനെ നന്നായി ആദരിക്കാറുണ്ടായിരുന്നു. വിശിഷ്യാ, റമദാൻ കഴിഞ്ഞാൽ തിരുമേനി വളരെ താൽപര്യപൂർവം നോമ്പെടുത്തിരുന്നത് ശഅ്ബാനിലായിരുന്നു.

لم يكن النبي صلعم يصوم شهرا اكثر من شعبان فانه كان يصوم شعبان كله (بخاري)

عن أم المؤمنين عائشة قالت: «كَانَ رَسُولُ اللَّهِ يَصُومُ حَتَّى نَقُولَ: لاَ يُفْطِرُ، وَيُفْطِرُ حَتَّى نَقُولَ: لاَ يَصُومُ، فَمَا رَأَيْتُ رَسُولَ اللَّهِ اسْتَكْمَلَ صِيَامَ شَهْرٍ إِلَّا رَمَضَانَ، وَمَا رَأَيْتُهُ أَكْثَرَ صِيَامًا مِنْهُ فِي شَعْبَانَ» (بخاري و مسلم).

عن عَائِشَةَ رَضِيَ اللَّهُ عَنْهَا قالت : ( كَانَ أَحَبَّ الشُّهُورِ إِلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنْ يَصُومَهُ شَعْبَانُ ثُمَّ يَصِلُهُ بِرَمَضَانَ

എന്തുകൊണ്ടാണ് പ്രവാചകൻ ശഅ്ബാനിനെ ഇത്ര ആദരിച്ചത്? ഇതിന് രണ്ടു കാരണങ്ങൾ അവിടന്ന് പറഞ്ഞു തരുന്നു.

1. പൊതുവെ ആളുകൾ ആരാധനകളുടെ കാര്യത്തിൽ അശ്രദ്ധരാകുന്ന മാസമാണ് ശഅ്ബാൻ. കാരണം, അതിന്റെ മുമ്പും പിമ്പും വിശുദ്ധങ്ങളായ റജബും റമദാനുമാണല്ലോ. ഈ രണ്ടു മാസങ്ങളെ നന്നായി ഉപയോഗപ്പെടുത്തുന്നവർ പൊതുവെ ശഅ്ബാനിനെ അവഗണിക്കാൻ സാധ്യതയുണ്ട്.

ذَلِكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ بَيْنَ رَجَبٍ وَرَمَضَانَ (نساء)

ആളുകൾ അശ്രദ്ധരാകാൻ സാധ്യതയുള്ള സമയങ്ങളെ ഉപയോഗപ്പെടുത്തുന്നത് പ്രത്യേകം പുണ്യമുള്ളതായിരിക്കുമല്ലോ. ഉദാ, മുൻഗാമികളിൽപെട്ട ചിലർ ഇശാ–മഗ്‌രിബുകൾക്കിടയിലെ സമയം പ്രത്യേകം പരിഗണിക്കാറുണ്ടായിരുന്നു.

معقل بن يسار عن النبي صلى الله عليه و سلم قال : العبادة في الهرج كالهجرة إلي (مسلم) وخرجه الإمام أحمد ولفظه : العباد في الفتنة كالهجرة إلي .

2. ശഅ്ബാൻ മാസത്തിലാണ് ഒരു മനുഷ്യന്റെ സൽകർമങ്ങൾ ആകാശത്തേക്ക് ഉയർത്തപ്പെടുക.

# ശഅ്ബാനും ബറാഅത്തും നൽകുന്ന പാഠങ്ങൾ

وَهُوَ شَهْرٌ تُرْفَعُ فِيهِ الأَعْمَالُ إِلَى رَبِّ العَالَمِينَ، فَأُحِبُّ أَنْ يُرْفَعَ عَمَلِي وَأَنَا صَائِمٌ

നാം ചെയ്യുന്ന സൽകർമങ്ങൾ നാലു വിധേനയാണ് ആകാശത്തേക്ക്/ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടുന്നത്. ഒന്ന്, എല്ലാ ദിവസവും രണ്ടു നേരം.

أن رسول الله صلى الله عليه وسلم قال : " يتعاقبون فيكم ملائكة بالليل وملائكة بالنهار ، ويجتمعون في صلاة الفجر وصلاة العصر ، ثم يعرج الذين باتوا فيكم ، فيسألهم وهو أعلم بهم : كيف تركتم عبادي ؟ فيقولون : تركناهم وهم يصلون ، وأتيناهم وهم يصلون (احمد)

രണ്ട്, എല്ലാ ആഴ്ചയിലും രണ്ടു ദിവസം.

عن أبي هريرة ، قال : سمعت رسول الله صلى الله عليه وسلم قال : " إن أعمال بني آدم تعرض كل خميس ليلة الجمعة ، فلا يقبل عمل قاطع رحم (احمد)

മൂന്ന്, എല്ലാ കൊല്ലത്തിലും ശഅ്ബാൻ മാസം. ഇത് ശഅ്ബാൻ പകുതിയിലാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. (ഖൽയൂബി).

നാല്, മരിച്ചു കഴിഞ്ഞതിനു ശേഷമുള്ള ഉയർത്തപ്പെടൽ.

മൊത്തത്തിൽ ശഅ്ബാൻ മുഴുവൻ പുണ്യകരമാണെങ്കിലും അതിലെ പ്രധാനപ്പെട്ട ഒരു ദിവസമാണ് ശഅ്ബാൻ 15. ഇതിന്റെ രാവിന് ബറാഅത്ത് രാവ് എന്നു പറയാം.

ബറാഅത്ത് ദിവസം അനുഷ്ഠിക്കേണ്ട ചില ഇബാദത്തുകൾ പറയുന്ന ഹദീസുകളെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഈ രാവിന് പ്രാധാന്യമുണ്ടെന്ന് എല്ലാവരും അംഗീകരിച്ചതാണ്. ഇത് സംബന്ധമായി സ്വഹീഹായ മൂന്നു ഹദീസുകൾ വന്നിട്ടുണ്ട്.

الاول خرَّجه الطبراني في الكبير والأوسط، قال فيه نبي الله صلى الله عليه وسلم: «يَطَّلِعُ اللهُ عَزَّ وَجَلَّ عَلَى خَلْقِهِ لَيْلَةَ النِّصْفِ مِنْ شَعْبَانَ، فَيَغْفِرُ لِجَمِيعِ خَلْقِهِ، إلا لِمُشْرِكٍ أَوْ مُشَاحِنٍ

الثاني فقد خرجه البيهقي، وهو قول نبينا صلى الله عليه وسلم: «يطلع الله إلي عباده ليلة النصف من شعبان، فيغفر للمؤمنين، ويمهل الكافرين، ويدع أهل الحقد بحقدهم حتى يدعوه

الثالث فخرجه ابن أبي عاصم في السنة وهو قول نبينا صلى الله عليه وسلم:«ينزل ربنا تبارك وتعالى إلى سماء الدنيا ليلة النصف من شعبان، فيغفر لأهل الأرض، إلا مشرك أو مشاحن

അതുകൊണ്ട് ഇമാം ശാഫിഈ പറഞ്ഞു: 5 രാത്രികളിലെ പ്രാർത്ഥനക്കു ഉത്തരം ലഭിക്കാം; വെള്ളിയാഴ്ച രാവ്, ചെറിയ-വലിയ പെരുന്നാൾ രാവ്, റജബിലെ ആദ്യ രാവ്, ശഅബാൻ പതിനഞ്ചിന്റെ രാവ് (അൽ ഉമ്മ്).

# ശഅ്ബാനും ബറാഅത്തും നൽകുന്ന പാഠങ്ങൾ

ബറാഅത്ത് രാവിനെ നിസ്കാരാദി ആരാധനകൾ കൊണ്ട് ധന്യമാക്കൽ പുണ്യകരവും മുൻഗാമികളുടെ ചര്യയുമാണെന്ന് ഇബ്നു തൈമിയ പറയുന്നു. (ഫതാവാ, റസാഇൽ, ഇഖ്തിളാഉ സ്വിറാത്വിൽ മുസ്തഖീം).

പുണ്യകരമായതുകൊണ്ടാണല്ലോ ബറാഅത്ത് രാവിന് നിരവധി പേരുകൾ ലഭിച്ചത്. ഉദാഹരണത്തിന് ലൈലത്തുൻ മുബാറക, ലൈലത്തുർ റഹ്മ, ലൈലത്തു ത്തക്ഫീർ, ലൈലത്തുൽ ഖദ്ർ, ലൈലത്തു സ്വക്ക്, ലൈലത്തുൽ ബറക..... മഹത്വം വർധിച്ചാൽ കൂടുതൽ പേരുകൾ കിട്ടുമല്ലോ.

പൊതുവെ മഗ്ഫിറത്തിനു വേണ്ടിയുള്ള പ്രാർത്ഥനയടക്കം എല്ലാ നല്ല കാര്യങ്ങളും ബറാഅത്ത് രാവിലും പകലിലും വർദ്ധിപ്പിക്കേണ്ടതാണ്.

ആയിശ (റ) പറയുന്നു: ഒരിക്കൽ മരണപ്പെട്ടുവോ എന്ന് തോന്നുമാർ ദീർഘമായി തിരുമേനി (സ്വ) സുജൂദിൽ കിടന്ന് നിസ്കരിക്കാൻ തുടങ്ങി. കഴിഞ്ഞതിനു ശേഷം അവർ എന്നോടു പറഞ്ഞു: ഇന്ന് ശഅ്ബാൻ പകുതി കഴിഞ്ഞ രാത്രിയാണ്. ഇന്ന് റഹ്മത്ത് ചോദിക്കുന്നവർക്ക് അല്ലാഹു റഹ്മത്തും മഗ്ഫിറത്ത് ചോദിക്കുന്നവർക്ക് അതും അവൻ നൽകുന്നതാണ് (ബൈഹഖി).

അതോടൊപ്പം ചില പ്രത്യേക കാര്യങ്ങൾ ചെയ്യുന്നത് കൂടുതൽ പുണ്യമുള്ളതാണെന്ന് പണ്ഡിതന്മാർ പഠിപ്പിക്കുന്നു. ഉദാഹരണത്തിന് ഖബർ സിയാറത്ത്. ആയിശ ബീവിയുടെ കൂടെ ഉറങ്ങിക്കിടക്കുന്ന ഒരു രാത്രി പ്രവാചകൻ ബഖീഅ് സന്ദർശിച്ച് ദുആ ചെയ്ത ചരിത്രം അറിയപ്പെട്ടതാണല്ലോ. ഇത് ബറാഅത്ത് രാവിലാണ് നടന്നത് എന്ന് ചില ഹദീസുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മറ്റൊരു ഉദാഹരണമാണ് രാത്രി നിസ്കാരവും പകൽ നോമ്പും അനുഷ്ഠിക്കുകയെന്നത്. ഇബ്നു മാജ ഉദ്ധരിക്കുന്ന നബി വചനം:

ذا كانت ليله النصف من شعبان فقوموا ليلها و صوموا نهارها

രാത്രി പ്രത്യേക റക്അത്തുകളോടു കൂടിയ (ഉദാ, 100) സുന്നത്ത് നിസ്കാരം ബിദ്അത്താണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെങ്കിലും തഹജ്ജുദും മുഥ്‌ലഖ് സുന്നത്ത് നിസ്കാരവും ബറാഅത്ത് രാവിൽ വർദ്ധിപ്പിക്കണം. കൂടാതെ, പിറ്റേന്ന് പകൽ നോമ്പ് പിടിക്കുകയും ചെയ്യുക.

ഇമാം റംലി പറയുന്നത് ബറാഅത്ത് ദിവസം നോമ്പെടുക്കുന്നത് പ്രത്യേകം തന്നെ സുന്നത്താണെന്നാണ് (ഫതാവാ). എന്നാൽ, ഇബ്നു ഹജർ ഹൈത്തമി പറയുന്നു, ബറാഅത്ത് ദിവസം അയ്യാമുൽ ബീളിൽ പെടുന്നതുകൊണ്ട് അന്ന് നോമ്പെടുക്കൽ സുന്നത്താണ്.

ഇവക്കു പുറമെ ബറാഅത്ത് രാവിൽ പ്രത്യേക ഉദ്ദേശ്യങ്ങളോടെ (ആയുസിൽ ബറകത്ത്, ഭക്ഷണത്തിൽ വിശാലത, നല്ല അന്ത്യം) യാസീനും ദുഖാനും ഓതണമെന്നും മുൻഗാമികൾ പഠിപ്പിച്ചിരിക്കുന്നു.

**ഖുതുബ നോട്ട്സ്**

Hadia Centre for Social Excellence (CSE),

Panakkad, Malappuram

For any clarification: Mob:9496445823